(Pages : 4) **K – 2115**

Reg. No. : .............................

Name : ..................................

# Third Semester B.A./B.Sc. Degree Examination, March 2021

## First Degree Programme under CBCSS

## Malayalam Language

## Language Course VII – Additional Language III

## ML 1311.1 : ദൃശ്യകലാസാഹിത്യം

## (2018 admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ **രണ്ടു** വാക്യങ്ങളിലോ ഉത്തരമെഴുതുക.

1. മഹാഭാരതത്തിലെ ഏത് പർവ്വത്തിൽ നിന്നാണ് 'ഘോഷയാത്ര'യുടെ കഥ സ്വീകരിച്ചത് ?

2. 'പ്രിയമാനസ നീ പോയ് വരേണം
   പ്രിയയോടെന്റെ വാർത്തകൾ ചൊൽവാൻ' - ആരുടെ വാക്കുകൾ ?

3. 'മലയാളശാകുന്തളം' ആരുടെ വിവർത്തനമാണ് ?

4. ശകുന്തള ഏത് മഹർഷിയിൽ നിന്നാണ് ശാപം ഏറ്റുവാങ്ങുന്നത് ?

5. 'ഉയരുന്ന യവനിക' എന്ന നാടകപഠനഗ്രന്ഥത്തിന്റെ കർത്താവാര് ?

6. കഥകളിയുടെ സാഹിത്യരൂപം ഏത് ?

7. 'കല്മഷമില്ലാ കശ്മലരില്ലാ
   കർമ്മങ്ങൾക്കൊരു ബാധകളില്ലാ' ആരുടെ ഭരണകാലമാണ് വിവരിക്കുന്നത് ?

P.T.O.

gcwcentrallibrary.in

8. ജി. ശങ്കരപ്പിള്ളയുടെ നാടകസാഹിത്യചരിത്രഗ്രന്ഥമേത് ?

9. മലയാളത്തിലേക്ക് ആദ്യമായി ശാകുന്തളം തർജ്ജമ ചെയ്തതാര് ?

10. 'ബൈസിക്കിൾ തീവ്സ്' എന്ന സിനിമയുടെ സംവിധായകനാര് ?

**(10 × 1 = 10 Marks)**

II. **ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.**

11. സ്വാതന്ത്ര്യസമരസേനാനിയായിരുന്ന വേണുവിന്റെ കണ്ണുകൾ നഷ്ടപ്പെട്ടതെങ്ങനെ?

12. 'ഭാഷാകവിതമഹാവൈഷമ്യം' എന്ന് കവി പറയാൻ കാരണമെന്ത് ?

13. 'ഈ ലോകം നിനക്കോ, നീ ഈ ലോകത്തിനോ പാകമായിട്ടില്ല' - സന്ദർഭവും ആശയവും വ്യക്തമാക്കുക.

14. "അർണ്ണവം തന്നിലല്ലോ നിമ്നഗ ചേർന്നൂ ഞായം,

അന്യഥാ വരുത്തുവാൻ കുന്നു മുതിർന്നീടുമോ ?" - സന്ദർഭം വ്യക്തമാക്കുക.

15. ദുഷ്യന്തന്റെ കൊട്ടാരത്തിലേക്ക് ശകുന്തളയെ യാത്രയാക്കുമ്പോൾ കാശ്യപൻ നൽകുന്ന ഉപദേശമെന്ത് ?

16. രാവുണ്ണി എന്ന നാടകത്തിലെ 'രാവുണ്ണി' എന്ന കഥാപാത്രത്തെ വിലയിരുത്തുക.

17. അഡാപ്റ്റേഷൻ എന്നാലെന്ത് ?

18. 'ആട്ടക്കഥാസാഹിത്യം' എന്തെന്ന് ചുരുക്കിയെഴുതുക.

19. വിവർത്തന നാടകങ്ങളെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

20. 'തെരുവുനാടകങ്ങൾ' എന്നാലെന്ത് ?



gcwcentrallibrary.in

21. ചലച്ചിത്രനിർമ്മിതിയിൽ തിരക്കഥയ്ക്കുള്ള പ്രാധാന്യമെന്ത് ?

22. വിശ്വസിച്ചിരിക്കൂ അപ്രകാരമുള്ള മഹാനുഭവന്മാർക്കു പ്രകൃതിഗുണം ഇല്ലാതിരിക്കയില്ല. ആര് ആരോടു പറയുന്നതാണ് ? സന്ദർഭം വ്യക്തമാക്കുക.

**(8 × 2 = 16 Marks)**

III. ഓരോന്നിനും **ഒന്നരപ്പുറത്തിൽ** കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

23. 'ഇഷ്ടപ്രവാസമതിനാലുളവാമവസ്ഥ

കഷ്ടം തുലോമബലമാർക്കൊരു തർക്കമില്ല' - വ്യക്തമാക്കുക.

24. "ഗുണവുമനവധി ദോഷമായിതു" സന്ദർഭവും ആശയവും വിശദീകരിക്കുക.

25. 'രാവുണ്ണി' എന്ന നാടകത്തിലൂടെ അവതരിപ്പിക്കുന്ന ദാർശനികപ്രശ്നങ്ങൾ ഏതെല്ലാം ?

26. 'സബർമതി ദൂരെയാണ്' എന്ന നാടകത്തിലെ 'സബർമതി' എന്തിനെയെല്ലാം പ്രതീകവൽക്കരിക്കുന്നു ?

27. പണമുള്ളവനെപ്പാട്ടിൽ വരുത്താൻ

പണിചെയ്യുന്നിതുപാർത്ഥിവധർമ്മം - വിശദീകരിക്കുക.

28. 'ഹംസം' എന്ന കഥാപാത്രത്തിന് നളചരിതം ആട്ടക്കഥയിലുള്ള പ്രാധാന്യമെന്ത് ?

29. ജി. ശങ്കരപ്പിള്ളയ്ക്ക് മലയാളനാടകചരിത്രത്തിലുള്ള സ്ഥാനമെന്ത് ?

30. 'ബൈസിക്കിൾ തീവ്സ്' എന്ന സിനിമയ്ക്ക് ലോകസിനിമയിലുള്ള പ്രാധാന്യമെന്ത് ?

31. 'ദൃശ്യകലാസാഹിത്യം' എന്തെന്ന് വിശദീകരിക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. കഥാപാത്രചിത്രീകരണത്തിൽ ഉണ്ണായിവാര്യർക്കുള്ള സാമർത്ഥ്യം ഹംസം, നളൻ, ദമയന്തി എന്നിവരെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

gcwcentrallibrary.in

33. മലയാളനാടകപ്രസ്ഥാനത്തിൽ 'മലയാളശാകുന്തള'ത്തിനുള്ള പ്രാധാന്യമെന്ത് ?

34. മലയാളനാടകചരിത്രം ചുരുക്കി അവതരിപ്പിക്കുക.

35. കുഞ്ചൻ നമ്പ്യാരുടെ ഫലിതബോധവും ഭാഷാപ്രത്യേകതകളും 'ഘോഷയാത്ര'യെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

**(2 × 15 = 30 Marks)**

---

gcwcentrallibrary.in